71 (1297) പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവ കാശ സ്ഥാപനവും ബിൽ

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയ 1999ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ബില്ലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആക്ട് സംസ്ഥാനത്ത് എന്നു മുതൽ പ്രാബല്യ ത്തിലായി എന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ ആക്ടിന് 1986 ജനുവരി 24-ാം തീയതിമുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) 1999-ലെ കേരള പട്ടികവർഗ്ഗഭൂമി കൈമാറ്റ നിയന്ത്രണവും പുന രവകാശ സ്ഥാപനവും നിയമം നടപ്പിൽ വന്നതോടെ, ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു നൽകുന്നതിനും ഭൂമിയില്ലാത്ത ആദിവാ സികൾക്കും ഭൂമി നഷ്ടപ്പെട്ട ആദിവാസികൾക്കും പകരം ഭൂമി കണ്ടെത്തി നൽകുന്നതിനുംവേണ്ട നടപടികൾ ധൃതഗതിയിൽ സ്വീകരിച്ചുവരികയാണ്. പതിച്ചു നൽകുവാനാവശ്യമായ ഭൂമി എത്രയും പെട്ടെന്ന് കണ്ടെത്തി വിവരം അറിയിക്കുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽനിന്നും വിവരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി പതിവ് സംബ ന്ധിച്ച നടപടികൾ സ്വീകരിക്കുന്നതുമാണ്.

72 (1298) ഭൂനികുതി പിരിവ്

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻഹാജി :
ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി ഇനത്തിൽ 1998-99 വർഷം എത്ര തുക പിരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) യഥാർത്ഥത്തിൽ എത്ര രൂപ പിരിച്ചെടുത്തു;

(സി) ഭൂനികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയുടെ ഓരോ വർഷത്തേയും ഡി.സി.ബി. സ്റ്റേറ്റ്മെന്റു മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തികവർഷം ഭൂനികുതി പിരിവ് ബഡ്ജറ്റ് ലക്ഷ്യം 2270 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly